بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 19.02.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ): വൈജ്ഞാനിക കേദാരം

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِيۡمِ ۙ﴿۲﴾ مٰلِكِ يَوۡمِ الدِّيۡنِ ؕ﴿۳﴾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ﴿۴﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۵﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَ لَا الضَّآلِّيۡنَ ﴿۶﴾

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു:

ഫെബ്രുവരി 20 ജമാഅത്തിൽ മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തെ അനുസ്മരിക്കപ്പെടുന്ന ദിവസമാണ്. അതുമായി ബന്ധപ്പെട്ട് ഞാൻ ഇന്ന് ചിലത് പറയുന്നതാണ്. നാളെ ഫെബ്രുവരി 20 ആണ്. ഇത് സുദീർഘമായ പ്രവചനമാണ്. ഇതിൽ വിവിധ സവിശേഷതകൾ വിവരിക്കപ്പെട്ടിട്ടുണ്ട്. അവ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാഗ്ദത്ത പുത്രനെ കുറിച്ചാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു പറഞ്ഞു കൊടുത്തതാണിത്. ഞാൻ അതിൽ നിന്നും അവൻ ബാഹ്യവും ആന്തരികവുമായ ജ്ഞാനങ്ങളാൽ നിറക്കപ്പെടുന്നതാണ് എന്ന വശത്തെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ലേഖനങ്ങളും പ്രഭാഷണങ്ങളും ഉദ്ധരിച്ചുകൊണ്ട് അല്പം വിവരിക്കുന്നതാണ്.

തൗഹീദ് വിഷയത്തിൽ 17 വയസ്സിൽ അദ്ദേഹം വാർഷിക ജൽസയിൽ പ്രഭാഷണം നടത്തിയപ്പോൾ അതിനെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വരെ പ്രശംസിക്കുകയുണ്ടായി. എന്നിട്ട് പറഞ്ഞു: തികച്ചും പുത്തൻ ആശയങ്ങളാണ് വിവരിച്ചിരിക്കുന്നത്.

1907 മാർച്ചിൽ വെറും 18-ാമത്തെ വയസ്സിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുഹബ്ബത്തെ ഇലാഹി (ദൈവാനുരാഗം) എന്ന മഹത്തായ വിഷയത്തിൽ ഒരു ലേഖനമെഴുതി. പിന്നീടത് പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായി. ആ ലേഖനത്തിൽ നിന്നും അല്ലാഹു അദ്ദേഹത്തെ തുടക്കം മുതൽക്കേ ചെറുപ്രായത്തിൽ തന്നെ ബാഹ്യവും ആന്തരികവുമായ ജ്ഞാനങ്ങളാൽ നിറയ്ക്കാൻ തുടങ്ങിയിരുന്നുവെന്ന് മനസ്സിലാക്കാം. അദ്ദേഹം പറഞ്ഞു : അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് തന്നെ സ്നേഹിക്കാൻ വേണ്ടിയാണ്. അവനെ ജനിപ്പിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ തന്നെ അവൻ ദൈവസ്നേഹത്താൽ കവിഞ്ഞൊഴുകുക ചിരകാല ജീവിതം പ്രദാനം ചെയ്യുന്ന സമുദ്രത്തിൽ സദാ മുങ്ങിത്തപ്പുക എന്നിവയാണ്. അനുരാഗത്തിന്റെ ഫലമായി മാത്രമാണ് ഒരാൾ പാപത്തിൽ നിന്നും രക്ഷപ്പെടുക. തന്റെ പദവികളിൽ പുരോഗമിക്കുക. അനുരക്തി തന്നെയാണ് ദൈവത്തെ തിരിച്ചറിയാൻ ഹേതുവാകുക. അനുരാഗമില്ലാതെ മനുഷ്യന് ദൈവത്തിന്റെ യാഥാർഥ്യം ഗ്രഹിക്കാനോ പരിജ്ഞാനം സിദ്ധിക്കാനോ കഴിയില്ല. അവസാന ഭാഗത്തിൽ ഇസ്‌ലാമിന്റെ ജീവൽ ദൈവത്തിന്റെ തെളിവ് സമർപ്പിച്ചു. ഇസ്‌ലാമിന്റെ ദൈവം മാത്രമാണ് മുമ്പത്തെ പോലെ ഇന്നും മനുഷ്യന് വെളിപാടും ദിവ്യബോധനവും മുഖേന വഴികാട്ടുന്നതെന്നും ജീവൽദൈവത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണിതൊന്നും പ്രതിപാദിച്ചു. തുടർന്നെഴുതുന്നു: ഞാൻ ദൈവാനുരാഗം എന്ന പദത്തെ കുറിച്ച് ചിന്തിക്കുന്നതനുസരിച്ച് എന്റെ ഹൃദയത്തിൽ ഒരു പ്രത്യേക അനുഭൂതിയും നിർവൃതിയുമുണ്ടാകുന്നു. ഇസ്‌ലാം എത്ര സുന്ദരമതമാണ്. അത് നമുക്ക് കാട്ടി തന്ന അനുഗ്രഹത്താൽ നമ്മുടെ ഹൃദയം പ്രശോഭിതവും മസ്തിഷ്കം പ്രദീപ്തവുമാകുന്നു. നമ്മുടെ വ്രണിത ഹൃദയത്തിന് ശമനലേപനമാണ് ഇസ്‌ലാമികാധ്യാപനം. ഇസ്‌ലാമില്ലായിരുന്നെങ്കിൽ ദൈവത്താണ! സത്യാന്വേഷി ജീവച്ഛവമായേനെ. സ്നേഹാഭിമുഖ്യമുള്ളവരുടെ നടുവൊടിഞ്ഞേനെ. ദൈവത്തെ സ്നേഹിക്കുന്ന ഒരാൾ താൻ ആരെയാണോ സ്നേഹിക്കുന്നത് അവൻ ഓരോ കണത്തേയും കാണുകയും ഹൃദയ കാര്യങ്ങളെ അറിയുകയും കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നവനും തന്നെ സ്നേഹിക്കുന്നവർക്ക് പ്രതിഫലം നല്കാൻ കെല്പുള്ളവനുമാണെന്ന് കാണുമ്പോൾ അപ്പോൾ അവൻ തന്റെ ഹൃദയത്തിൽ ഒരു സന്തോഷം കരസ്ഥമാക്കുകയും സവിശേ ഷമായ അനുഭൂതി നേടുകയും ചെയ്യുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് 1908 ഡിസംബർ 28 ലെ ജൽസയിൽ ഒരു സാര ഗർഭമായ പ്രഭാഷണം നിർവഹിച്ചു. ഹം കിസ് തരഹ് കാംയാബ് ഹോസക് ത്തെ ഹൈ(നമ്മൾക്ക് എങ്ങനെ വിജയിക്കാനാകും) എന്നതായിരുന്നു വിഷയം. ഈ ചിന്താധാരകൾ ഒരു 19 വയസ്സുള്ള ഒരു യുവാവിന്റെതാണ്. അതിനുശേഷം പറഞ്ഞു: ഓരോരുത്തരും തന്നെ എന്തിനാണ് ദൈവം സൃഷ്ടിച്ചതെന്ന് ചിന്തിക്കേണ്ടതാണ്. എന്തായാലും മരിക്കുന്നതാണ്. എല്ലാവർക്കും മരണം അനിവാര്യമാണ്. അതുകൊണ്ട് മരണാനന്തരം എന്താണ് സംഭവിക്കുകയെന്ന് ആലോചിക്കേണ്ടതാണ്. മനുഷ്യൻ ഈ അല്പദിവസത്തെ ജീവിതത്തിനായി ഇത്രകണ്ട് പരിശ്രമിക്കുകയും പര്യാലോചനകൾ നടത്തുകയും ചെയ്യുന്നുണ്ടെങ്കിൽ അനന്തമായ ജീവിതത്തിനായി അതൊന്നും വേണ്ടേ? അതായത് അനന്തമായ പരലോക ജീവിതത്തിന് അതിന്റെയൊന്നും ആവശ്യമില്ലേ? അതിനായി നമ്മൾ ഒരു തയ്യാറെടുപ്പും നടത്തേണ്ടതില്ലേ? ഇത് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. മനുഷ്യൻ ഒരു ചെറിയ കച്ചവടം നടത്തുമ്പോൾ പോലും വളരെയധികം ജാഗ്രത പുലർത്തുന്നുണ്ട്. ഫലപ്രദവും പ്രയോജനകരവുമായ വസ്തുക്കൾ മാത്രമേ എപ്പോഴും അവൻ വാങ്ങുകയുള്ളൂ. എന്നാൽ ലക്ഷങ്ങളല്ല, കോടികളല്ല അനന്തമായ ലാഭമുള്ള കച്ചവടം നടത്താത്തവന്റെ കാര്യം അഹോ കഷ്ടം.

1916-ൽ ജൽസയ്ക്ക് ഖിലാഫത്തിൽ അവരോധിതനായി

രണ്ടാം വർഷത്തിൽ ദിക്റെ ഇലാഹി(ദൈവസ്മരണ) എന്ന വിഷയത്തിൽ അദ്ദേഹം ഒരു പ്രഭാഷണം നടത്തി. അതിൽ അദ്ദേഹം അങ്ങേയറ്റം പുതുമയോടും ഹൃദയഹാരിയായ നിലയിലും ദൈവസ്മരണത്തെയും അതുസംബന്ധമായ വശങ്ങളെയും കുറിച്ച് വിശദമാക്കി. ദിക്റെ ഇലാഹി എന്നതു കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും അതിന്റെ ആവശ്യകത, വകഭേദങ്ങൾ, പ്രയോജനങ്ങൾ എന്നിവയെന്തെല്ലാമാണെന്നും വെളിച്ചം വീശി. ദിക്റ് നാലു തരത്തിലാണെന്ന് അദ്ദേഹം വിശദമാക്കി. ആദ്യത്തെത് നമസ്കാരം. രണ്ടാമത്തത് വിശുദ്ധഖുർആൻ പാരായണം. മൂന്നാമത്തത് അല്ലാഹുവിന്റെ സിഫത്തുകൾ വിവരിക്കുകയും ആവർത്തിക്കുകയും അവ അംഗീകരിക്കുകയും അവയുടെ വിശദാംശങ്ങൾ സ്വന്തം നാവുകൊണ്ട് വർണിക്കുകയും ചെയ്യുക. നാലാമത്തെത് അല്ലാഹുവിന്റെ സിഫത്തുകളെ ഏകാന്തതയിൽ വർണിക്കുകയും മനനം ചെയ്യുകയും ജനങ്ങളുടെ മുമ്പാകെയും ഏറ്റുപറയുകയും ചെയ്യുക. തുടർന്ന് അദ്ദേഹം ദിക്റെ ഇലാഹിയെ സ്വീകാര്യയോഗ്യമാക്കുന്നതിനുള്ള മാർഗങ്ങളും അതിന്റെ സവിശേഷ സമയങ്ങളും വിവരിച്ചു. തഹജ്ജുദ് പതിവാക്കാനായി അദ്ദേഹം ഊന്നൽ നൽകി. അതിന്റെ അനുശീലനത്തിനുള്ള ഒരു ഡസനിലധികം മാർഗങ്ങളും പറഞ്ഞു തന്നു. എങ്ങനെ നമുക്ക് കൃത്യമായി നമസ്കരിക്കാമെന്നും വിവരിച്ചു.

അല്ലാഹുവിന്റെ റബൂബിയത്ത് (പരിപാലകത്വം) പ്രപഞ്ചത്തെ മുഴുവനായും വലയം ചെയ്തിരിക്കുന്നു. പട്ടിയാലയിൽ വെച്ച് അദ്ദേഹം 1917 ഒക്ടോബർ 9ന് ഒരു പ്രസംഗം നടത്തി. അതിന്റെ ചുരുക്കം അവതരിപ്പിക്കാം. അല്ലാഹുവിന്റെ അസ്തിത്വവും വിശുദ്ധ ഖുർആന്റെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും സത്യതയും സിഫത്ത് റബൂബിയത്ത് മുഖേന സ്ഥാപിച്ചു. ഹുസൂർ പറഞ്ഞു: അല്ലാഹുവിന്റെ സിഫത്തുകൾ അവന്റെ അസ്തിത്വത്തിനു തെളിവാണ്. ദൈവീക ഗുണങ്ങളിൽ വിചിന്തനം ചെയ്യുകയും എന്നെന്നും പ്രകടമായ അവന്റെ ശക്തി വിലാസങ്ങളെ നിരീക്ഷിക്കുകയും ചെയ്താൽ നിശ്ചയമായും ഒരു സർവ്വ ശ്രേഷ്ഠനായ ജ്ഞാനിയും കാരുണ്യവാനും ഉദാരമതിയുമായ അസ്തിത്വമുണ്ടെന്ന് സമ്മതിക്കേണ്ടതായിവരും.

അദ്ദേഹത്തിന്റെ മറ്റു പ്രഭാഷണം ഇസ്‌ലാമിലെ ഭിന്നിപ്പിനെ തുടക്കം എന്ന വിഷയത്തിൽ 1919-ൽ മോഡേൺ ഹിസ്റ്റോറിക്കൽ സൊസൈറ്റിയുടെ ഒരു സമ്മേളനത്തിൽ ലാഹോർ ഇസ്‌ലാമിയ കോളേജിൽ നടത്തിയതാണ്. അതിന്റെ ചുരുക്കമിതാണ്. ഹുസൂർ പറഞ്ഞു: ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ ആരംഭം റസൂലുല്ലാഹ്(സ)ന്റെ വഫാത്തിനു 15 വർഷങ്ങൾക്ക് ശേഷമാണ് ഉണ്ടായത്. ഇസ്‌ലാമിൽ ഫിത്നയുടെ കാരണക്കാർ വലിയ വലിയ സഹാബാക്കളായിരുന്നു എന്ന ചിന്ത തികച്ചും തെറ്റാണ്. ഹുസൂർ ആ പ്രഭാഷണത്തിൽ ഹദ്റത്ത് ഉസ്മാന്റെ ആദ്യകാല സ്ഥിതികൾ, അദ്ദേഹത്തിന് റസൂൽ ക്കരീം(സ)യുടെ ദൃഷ്ടിയിലുണ്ടായിരുന്ന സ്ഥാനം, ഫിത്നയുടെ തുടക്ക സ്ഥാനം, ഇസ്‌ലാമിക ഖിലാഫത്ത് ഒരു മത പരമായ സംവിധാനം, സ്വഹാബാക്കളെ കുറിച്ച് ദുർഭാവന അകാരണം എന്നിവയൊക്കെ വിശദമാക്കി. ഈ കാര്യങ്ങൾ ചർച്ചാവിധേയമാക്കി ഫിത്നയുടെ ഹേതു ഹദ്റത്ത് ഉസ്മാന്റെ കാലത്ത് തുടക്കം കുറിച്ച കാര്യകാരണങ്ങൾ എന്നിവ വിശദീകരിച്ചു. ഫിത്നയുടെ മൂലകാരണക്കാരനായ അബ്ദുല്ലാഹ് ബിൻ സബായുടെ അവസ്ഥകൾ, ആ സമയത്തെ കൂഫ, ബസ്വറ, ശാം എന്നിവിടങ്ങളിലെ മുസ്‌ലിങ്ങളുടെ പൊതുവായ പ്രകൃതത്തെ കുറിച്ചും വെളിച്ചം വീശി.

ഇതിന്റെ ആദ്യ പ്രസിദ്ധീകരണത്തിൽ ഇസ്‌ലാമിയ കോളേജ് പ്രൊഫസറായ സയ്യിദ് അബ്ദുൽ ഖാദർ സാഹിബ് എം.എ ഇത്തരത്തിൽ മുഖവുര എഴുതി, പ്രതിഭാധനനായ പിതാവിന്റെ പ്രതിഭാശാലിയായ മകൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ ശ്രേഷ്ഠ നാമം തന്നെ ഈ പ്രഭാഷണം അങ്ങേയറ്റം പണ്ഡിതോചിതമായിരിക്കുമെന്ന് ഉറപ്പുനൽകുന്നുണ്ട്. ഹദ്റത്ത് ഉസ്മാന്റെ ഭരണകാലഘട്ടത്തെ കുറിച്ചുള്ള വസ്തുനിഷ്ഠമായ ഇസ്‌ലാമിക ചരിത്രങ്ങൾ വായിക്കുംതോറും അത് ഗുണപാഠങ്ങളുള്ളതും വിലയേറിയതുമാണെന്ന് മനസ്സിലാകുന്നതാണ്.

അദ്ദേഹത്തിന്റെ മറ്റൊരു പ്രഭാഷണമാണ് തഖ്ദീറെ ഇലാഹി (ദൈവ വിധി) അതു മസ്ജിദ് നൂർ ഖാദിയാനിയിൽ ജൽസയ്ക്ക് നടത്തിയതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)പറയുന്നു: ഈ പ്രഭാഷണം എന്തായിരുന്നു? അത് ഗദ്യ വിജ്ഞാനത്തിന്റെ ഒരു ശ്രേഷ്ഠമാതൃകയായിരുന്നു. ദൈവവിധിയുടെയും ദൈവനിശ്ചയത്തിന്റേയും പ്രസക്തിയും റസൂലുല്ലാഹ്(സ) യുടെ നിർദ്ദേശങ്ങളും വിവരിച്ച ശേഷം അദ്ദേഹം ഈ വിഷയത്തെക്കുറിച്ച് അഭിപ്രായപ്രകടനം നടത്തി. തഖ്ദീർ വിഷയത്തിലും ദൈവാസ്തികൃത്തിലും വിശ്വസിക്കുന്നത് പരസ്പരം അവിഭാജ്യമാണ്. ശേഷം അദ്ദേഹം ഖളായും ഖദ്റും സംബന്ധിച്ച തർക്ക വിഷയങ്ങളിൽ ചർച്ച ചെയ്തുകൊണ്ട് റസൂലുല്ലാഹ്(സ)യുടെ ഇതു സംബന്ധിച്ച നിർദേശങ്ങളിലെ ബാഹ്യദൃഷ്ടിയിലുള്ള പൊരുത്തക്കേട് ഇല്ലാതാക്കി. അതിനുശേഷംതഖ്ദീർ വിഷയത്തെ മനസ്സിലാക്കാത്ത കാരണത്താൽ മനുഷ്യനു പറ്റിയ വലിയ വലിയ അബദ്ധങ്ങളെ കുറിച്ച് പറഞ്ഞു. പിന്നീട് വഹ്ദത്തുൽ വുജൂദ് (അദ്വൈത ദർശനം) സിദ്ധാന്തത്തിലുള്ള തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ആറു ഖുർആനിക വചനങ്ങൾ മുഖേന വളരെ സൂക്ഷ്മവും ദൃഢതരവുമായ വാദഗതികൾ ഉന്നയിച്ചുകൊണ്ട് ആ സിദ്ധാന്തത്തെ അദ്ദേഹം ഖണ്ഡിച്ചു കളഞ്ഞു. ശേഷം അതു സംബന്ധിച്ച് രണ്ടാമത്തെ അതിർലംഘനത്തെയും തെറ്റാണെന്ന് തെളിയിച്ചു. ദൈവത്തിന് ഒന്നും ചെയ്യാനാകില്ല, എല്ലാം പരിശ്രമഫലമായിട്ടാണ് എന്നതിനെയും പ്രമാണങ്ങളാൽ ഖണ്ഡിച്ചു. ദൈവീക ജ്ഞാനവും ദൈവീക വിധിനിർണയവും തമ്മിൽ കൂട്ടിക്കലർത്തിയതിന്റെ ഫലമായി മനുഷ്യചിന്തകൾ നേരിട്ട പ്രത്യാഘാതങ്ങളെക്കുറിച്ച് അതിശ്രേഷ്ഠമായ നിലയിൽ വിശകലനം ചെയ്തു കൊണ്ട് ഈ വിഷയത്തെ നല്ലവണ്ണം സ്പഷ്ടമാക്കുകയുണ്ടായി. വിവിധങ്ങളായ നൂതനവും പുരാതനവുമായ ആക്ഷേപങ്ങൾക്ക് മറുപടിയും നൽകുന്നുണ്ട്. തഖ്ദീറിനെ കുറിച്ചുള്ള പ്രസ്താവനയിൽ അദ്ദേഹം 7 ആത്മീയസ്ഥാനങ്ങളെ കുറിച്ച് പരാമർശിക്കുന്നുണ്ട്. തഖ്ദീറെ ഇലാഹിയുടെ വിഷയത്തെ യഥാവണ്ണം മനസ്സിലാക്കി അത് ആവശ്യപ്പെടുന്ന കാര്യങ്ങൾ നിറവേറ്റുന്നതിന്റെ ഫലമായി മനുഷ്യന് ലഭിക്കുന്നതാണ് ആസ്ഥാനങ്ങൾ.

അദ്ദേഹത്തിന്റെ മറ്റൊരു പ്രഭാഷണമാണ് മലായിക്കത്തുല്ലാഹ് (അല്ലാഹുവിന്റെ മലക്കുകൾ) 1920 ഡിസംബർ 28ന് നടത്തിയതാണ്. ബയ്ത്തുന്നൂറിൽ വച്ച് രണ്ടുദിവസം പ്രഭാഷണം നടന്നു. ഹുസൂർ ഖുർആന്റെ വെളിച്ചത്തിൽ

മലക്കുകളുടെ യാഥാർഥ്യം, ആവശ്യകത, വിഭാഗങ്ങൾ, കർത്തവ്യങ്ങൾ, സേവനങ്ങൾ എന്നിവ കൂടാതെ മലക്കുകളുടെ അസ്തിത്വത്തെക്കുറിച്ച് തെളിവുകളും അവയെക്കുറിച്ചുള്ള സംശയങ്ങൾക്കും ആക്ഷേപങ്ങൾക്കും വിശദവും പ്രമാണബദ്ധവുമായ മറുപടി നൽകി. വിഷയാവസാനത്തിൽ ഹുസൂർ മലക്കുകളുമായി ബന്ധം സ്ഥാപിക്കുന്നതും അവരിൽനിന്നും ഫലമെടുക്കുന്നതും സംബന്ധിച്ച എട്ടു മാർഗങ്ങൾ വിവരിച്ചു.

1921 ദൈവാസ്തിത്വത്തെ കുറിച്ച് അദ്ദേഹം ഒരു സുദീർഘ പ്രഭാഷണം നടത്തി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഈ പ്രഭാഷണത്തിൽ ദൈവസ്തിത്വത്തിന്റെ 8 തെളിവുകളും അവയ്ക്കുമേൽ ഉണ്ടാകുന്ന ആരോപണങ്ങൾക്കുള്ള മറുപടിയും നൽകി. ദൈവത്തിന്റെ സിഫത്തുകൾ മുഖേന ദൈവാസ്തിത്വത്തിനു തെളിവുകൾ ഉന്നയിച്ചു. ദൈവീക ഗുണങ്ങളുടെ തരങ്ങളും വിവരിച്ചു. അല്ലാഹുവിനെക്കുറിച്ച് യൂറോപ്പുകാരുടെ ചിന്തകൾ, സൊരാഷ്ട്രമതക്കാരുടെ സങ്കല്പങ്ങൾ, ഹിന്ദുക്കളുടെ വീക്ഷണങ്ങൾ, ആര്യ മതക്കാരുടെ കാഴ്ചപ്പാടുകൾ എന്നിവയുമായി ഇസ്‌ലാമിൽ അല്ലാഹുവിനെക്കുറിച്ചുള്ള അധ്യാപനങ്ങളുടെ വിശദാംശങ്ങളെ താരതമ്യം ചെയ്തു വിവരിച്ചു. അതുകൂടാതെ ഹുസൂർ ഈ പ്രഭാഷണത്തിൽ ശിർക്കിന്റെ നിർവചനം, തരം തിരിവുകൾ എന്നിവ വിവരിച്ചുകൊണ്ട് അവയ്ക്കുള്ള ഖണ്ഡനങ്ങൾ നിർദ്ദേശിച്ചു. ദിവ്യ സ്വപ്നങ്ങളുടെ ഘട്ടങ്ങൾ, പ്രയോജനങ്ങൾ അവ നേടുന്നതിനുള്ള മാർഗങ്ങൾ, ഉപാധികൾ എന്നിവ വിശദീകരിച്ചു.

1921 ൽ അദ്ദേഹം തുഹ്ഫ ശഹ്സാദ വേൽസ് (വേൽസ് രാജകുമാരനൊരു ഉപഹാരം) എന്ന പുസ്തകം രചിച്ചു. വേൽസ് രാജകുമാരൻ ഇന്ത്യ സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് അത് സമർപ്പിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പണ്ഡിതോചിതമായ ലഘു ലേഖനത്തിൽ ഭരണകൂടത്തോട് വിശ്വസ്തത പ്രകടിപ്പിച്ചു കൊണ്ട് ആഗോള അഹ്മദിയാ പ്രസ്ഥാനത്തിന്റെ വന്ദ്യ സ്ഥാപകനായ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ)ന്റെ ലഘു ജീവചരിത്രം, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ അധ്യാപനങ്ങൾ, ചരിത്രം, സ്ഥാപന ലക്ഷ്യം എന്നിവ വിവരിച്ചു. അവസാനത്തിൽ റസൂലിന്റെ സുന്നത്തിന് അനുധാവനം ചെയ്തുകൊണ്ട് ബ്രിട്ടന്റെ സിംഹാസനാവകാശിക്ക് ഇസ്‌ലാമിന്റെ സന്ദേശം പ്രഭാവം ചെലുത്തും വിധം എത്തിക്കുകയും ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. വേൽസ് രാജകുമാരൻ ഹുസൂറിന്റെ ഈ ഉപഹാരം സ്വീകരിച്ചു. തന്റെ ചീഫ് സെക്രട്ടറി മുഖേന അതിനു നന്ദിയും അറിയിച്ചു. പിന്നീടു ലഭിച്ച വിവരമനുസരിച്ച് പുസ്തകം വായിച്ചു കൊണ്ടിരിക്കെ ചില സ്ഥലത്തെത്തിയാൽ അദ്ദേഹത്തിന്റെ മുഖം റോസാപ്പൂകണക്കെ വിടർന്നിരുന്നു. അതുപോലെ അദ്ദേഹത്തിന്റെ മറ്റൊരു സഹായിയും പറയുന്നു, അദ്ദേഹം ആ പുസ്തകം വായിക്കവെ പെട്ടെന്ന് എഴുന്നേറ്റ് നില്ക്കുമായിരുന്നു. അതിന് കുറച്ചുകാലം കഴിഞ്ഞ് അദ്ദേഹം ക്രിസ്തുമതത്തിൽ നിന്നും പ്രത്യക്ഷമായ നിലയിൽ വിമുഖനായി.

അതുപോലെ 1924ലെ അദ്ദേഹത്തിന്റെ ഒരു പ്രഭാഷണമാണ്,അഹ്മദിയ്യത്ത് യാനി ഹഖീഖീ ഇസ്‌ലാം(അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം). വിംബ്ലേ കോൺഫറൻസിലാണ് അത് നടന്നത്. അതിന്റെ ചുരുക്കം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ സാന്നിധ്യത്തിൽ ഹദ്റത്ത് ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് അവിടെ വായിച്ചു കേൾപ്പിച്ചു. ആ ലക്ചർ വളരെ പുതുമയേറിയതും വ്യതിരിക്തവുമായിരുന്നു. ക്രിസ്തുമതത്തിലെ വലിയ വലിയ ലീഡർമാർ പോലും അനിയന്ത്രിതരായി പറഞ്ഞു; ഈ പ്രബന്ധത്തിലെ വിചാരധാരകൾ ക്രമത്തിന്റേയും തെളിവുകളുടെയും സൗന്ദര്യത്തിന്റെയും അടിസ്ഥാനത്തിൽ പുതുമയുള്ളതും തീർത്തും വ്യത്യസ്തവുമാണ്.

ഹുസൂറിന്റെ 18 മുതൽ 35 വയസ്സുവരെയുള്ള ജ്ഞാന വിജ്ഞാനങ്ങളുടെ മുത്തുകളുടെ ഒരു മിന്നലാട്ടമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. 17 വർഷക്കാലയളവിൽ ഹുസൂർ വിവരിച്ച കാര്യങ്ങളുടെ നൂറിലൊരു ഭാഗമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. ആദ്യം അമ്പതിലൊന്നു വിവരിക്കാമെന്നായിരുന്നു പറഞ്ഞത്. നൂറിലൊന്നു പോലും ഇവിടെ വന്നില്ല എന്നതാണ് വസ്തുത. ഈ കലവറ വലിയ പരിധിവരെ അച്ചടിച്ചിട്ടുണ്ട്. ജമാഅത്തംഗങ്ങൾ അവ വായിക്കേണ്ടതുണ്ട്. അല്ലാഹു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പദവികൾ ഉയർത്തു മാറാകട്ടെ.

പാകിസ്ഥാനിലെ അവസ്ഥകൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവിടുത്തുകാർക്കും ശാന്തി സമാധാനത്തോടെ ജീവിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ശത്രുക്കളുടെ ആക്രമണങ്ങളെയും കുതന്ത്രങ്ങളെയും തന്റെ അനുഗ്രഹാശിസ്സുകളാൽ ഉന്മൂലനം ചെയ്യട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 19.02.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516